**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 828** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എം.വിജിൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | **അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി**<br><br>സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ അഞ്ചാം ക്ലാസ്സ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 5,8 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പത്താം ക്ലാസ്സുവരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.<br><br>**സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**<br><br>അക്കാദമിക് - കലാ - കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്. എൽ. സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനവും നൽകി വരുന്നു.<br><br>**ലാപ്ടോപ്പ്**<br><br>സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഐ.ടി. മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് ലഘൂകരിക്കുന്നതിനായി സൗജന്യ ലാപ്ടോപ്പ് |

| | | | |
|---|---|---|---|
| | | | വിതരണ പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ് വർഷം മുതൽ ടി പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിന് ഒറ്റ തവണ 30,000/- രൂപ സ്കോളർഷിപ്പ് നൽകുന്നതാണ്.<br><br>**<u>രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം</u>**<br><br>പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500/- രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു. |
| (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും നൽകുന്ന വിവിധ പദ്ധതികൾക്കായുള്ള ബജറ്റ് വിഹിതം നടപ്പ സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന ധനസഹായം 1 കോടിയിൽ നിന്നും 1 കോടി 15 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട് . |
| (സി) | പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാസമ്പന്നർക്കിടയിൽ സംരംഭകത്വത്തിനും സ്റ്റാർട്ടപ്പുകൾക്കും പ്രോത്സാഹനം നൽകുന്നതിന് വിഭാവനം ചെയ്ത ഉന്നതി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തെ അഭ്യസ്ഥവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീ-യുവാക്കളെ ഒരേ സമയം തൊഴിൽ സംരഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിന് വേണ്ടിയാണ് കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വിദ്യാഭ്യാസപരവും ആരോഗ്യപരവും സാമ്പത്തികപരവുമായ ഉന്നമനത്തിനും സാമൂഹ്യസുരക്ഷിതത്വം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുകയും വിവിധ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും, എസ്.സി/ എസ്.റ്റി സംരംഭകരുടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും കൂടാതെ ഉന്നത വിദ്യാഭ്യാസമുള്ളവരും സാങ്കേതിക വൈദഗ്ധ്യം ലഭിച്ചതുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചെടുക്കുന്നതോടൊപ്പം സ്വദേശത്തും വിദേശത്തുമുള്ള തൊഴിൽ സാധ്യതകൾ വിലയിരുത്തി തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക, എഞ്ചിനീയറിംഗ്, ഐ.ടി. അധിഷ്ഠിത സാങ്കേതിക വിദ്യകൾ മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം വിനോദ സഞ്ചാരം, മാർക്കറ്റിങ്ങ്, കാർഷികം, നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിജ്ഞാനമുള്ള പട്ടികജാതി പട്ടികവർഗ്ഗ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ അഭിപ്രായങ്ങൾ ആരായുകയും ക്രോഡീകരിക്കുകയും ചെയ്യുക, |

| | | | |
|---|---|---|---|
| | | | പരിസ്ഥിതി ജൈവ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക, ഈ പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കോ അവരുടെ കൂട്ടായ്മ/ സ്വാശ്രയ സംഘങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സാമ്പത്തിക സഹായം, വായ്പ സബ്സിഡി, ഗ്രാന്റ് എന്നിവ നൽകുക, ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുക, സാങ്കേതിക വിദ്യയിലും നിർമ്മാണ രംഗത്തും സംഭവിച്ചേക്കാവുന്ന പുരോഗതിക്കനുസൃതമായി സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുക, കൃഷി, വ്യവസായ, സർവ്വീസ് മേഖലകളിൽ ഒരുപോലെ പ്രവർത്തിക്കുകയും ചെയ്യുന്നതോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലൈസൻസുകൾ ഗ്രാന്റുകൾ സംഭാവനകൾ സ്വീകരിക്കുന്നതോടൊപ്പം സാങ്കേതിക വിദ്യയിലും നിർമ്മാണ രംഗത്തും സംഭവിച്ചേക്കാവുന്ന പുരോഗതിക്കനുസൃതമായി പ്രവർത്തിക്കുന്നതിനുമായിട്ടാണ് കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ